ശൈഖ് മുഹമ്മദ് കാരകുന്ന് ● ലേഖനം

# സ്ത്രീയുടെ സ്വത്തവകാശം തിരുത്തപ്പെടേ പൊതുബോധം

ഇസ്‌ലാമിന്റെ എതിരാളികളുടെ വലിയൊരു വിമർശനം അത് സ്ത്രീവിരുദ്ധമാണെന്നതാണ്. അതിനുന്നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന് പെണ്ണിന് പുരുഷന്റെ പാതി സ്വത്തേ ഉള്ളൂ എന്നതും. എന്നാൽ, സ്ത്രീക്ക് പുരുഷന്റെ പാതി സ്വത്തെന്നത് കേവലം നാലു സന്ദർഭങ്ങളിൽ മാത്രമാണ്. അതിനെക്കാൾ എത്രയോ സന്ദർഭങ്ങളിൽ പുരുഷന്നുള്ളതിനേക്കാൾ കൂടുതൽ, സ്ത്രീക്ക് അനന്തരസ്വത്ത് ലഭിക്കുന്ന അവസരങ്ങളുണ്ട്. രണ്ടു വിഭാഗത്തിനും തുല്യ അവകാശം കിട്ടുന്ന സന്ദർഭങ്ങളും സ്ത്രീക്കു മാത്രം സ്വത്ത് ലഭിക്കുന്ന സാഹചര്യങ്ങളുമുണ്ട്. ഇക്കാര്യം തെളിവുകളോടെ വിശദീകരിക്കുന്ന ഡോക്ടർ മുഹമ്മദ് ഫഹീം അക്തർ നദ്‌വിയുടെ ലഘു കൃതിയാണ് *മുസ്‌ലിം സ്ത്രീയുടെ സ്വത്തവകാശങ്ങൾ.*

ഒരു സ്ത്രീയുടെ അനന്തരാവകാശികളായി മാതാവും പിതാവും ഭർത്താവുമുണ്ടായിരിക്കെ അവർക്ക് രണ്ട് ആൺമക്കളുണ്ടെങ്കിൽ അവർക്ക് ലഭിക്കുന്ന സ്വത്തിനെക്കാൾ കൂടുതൽ ലഭിക്കുക രണ്ട് പെൺകുട്ടികളുണ്ടെങ്കിൽ അവർക്കാണ്. ഉദാഹരണമായി മരണമടഞ്ഞ സ്ത്രീക്ക് 60 ലക്ഷം രൂപയാണുള്ളതെങ്കിൽ രണ്ട് ആൺമക്കൾക്ക് 25 ലക്ഷവും രണ്ട് പെൺമക്കൾക്ക് 32 ലക്ഷവുമാണുണ്ടാവുക. പുത്രന്മാരേക്കാൾ പുത്രിമാർക്ക് 7 ലക്ഷം രൂപ കൂടുതൽ.

ആകെ സ്വത്ത്: 60 ലക്ഷം

| ഭർത്താവ് | പിതാവ് | മാതാവ് | രണ്ടു പുത്രൻമാർ |
|---|---|---|---|
| 1/4 | 1/6 | 1/6 | ശിഷ്ടാവകാശം |
| 3 | 2 | 2 | 5 |
| 15 ലക്ഷം | 10 ലക്ഷം | 10ലക്ഷം | 25ലക്ഷം |

ഇവിടെ ആൺകുട്ടികൾ ശിഷ്ടാവകാശികളായതിനാൽ അംശാവകാശം കഴിച്ചുള്ളതേ അവർക്ക് ലഭിക്കുകയുള്ളൂ.

| ഭർത്താവ് | പിതാവ് | മാതാവ് | രണ്ടു പെൺമക്കൾ |
|---|---|---|---|
| 1/4 | 1/6 | 1/6 | 2/3 |
| 3 | 2 | 2 | 8 |
| 12 ലക്ഷം | 8 ലക്ഷം | 8 ലക്ഷം | 32 ലക്ഷം |

ഇവിടെ അംശാവകാശികളാണ് പുത്രിമാർ. അതിനാൽ ആപേക്ഷികമായി അവർക്ക് അവകാശപ്പെട്ടതിൽ കുറവു വരികയില്ല. ഛേദവർധനവിലൂടെ (ഔൽ) 12 ഓഹരി വേണ്ടത് 15 ഓഹരിയാക്കി മാറ്റി എല്ലാവർക്കും നീതിപൂർവകമായ വിഹിതം നൽകുന്നു.

ഇപ്രകാരം തന്നെ സ്ത്രീക്ക് അനന്തരാവകാശികളായി മാതാവും ഭർത്താവും രണ്ടു സഹോദരിമാരുമാണുള്ളതെങ്കിൽ സഹോദരിമാർക്ക് ലഭിക്കുന്നതിനെക്കാൾ കുറവായിരിക്കും രണ്ടു സഹോദരൻമാരാണെങ്കിൽ അവർക്കുണ്ടാവുക. ഉദാഹരണമായി 48 ലക്ഷമാണ് അനന്തരസ്വത്തെങ്കിൽ രണ്ടു സഹോദരന്മാർക്കുണ്ടാവുക 16 ലക്ഷമായിരിക്കും. അപ്പോൾ ഭർത്താവിന് 24 ലക്ഷവും മാതാവിന് എട്ടു ലക്ഷവുമാണുണ്ടാവുക. എന്നാൽ രണ്ടു സഹോദരിമാരാണെങ്കിൽ അവർക്ക് 24 ലക്ഷം ലഭിക്കും . അപ്പോൾ ഭർത്താവിന് 18 ലക്ഷവും മാതാവിന് ആറു ലക്ഷവുമാണുണ്ടാവുക.

ആകെ സ്വത്ത്: 48 ലക്ഷം

| ഭർത്താവ് | മാതാവ് | രണ്ട് സഹോദരൻമാർ |
|---|---|---|
| 1/2 | 1/6 | ശിഷ്ടാവകാശം |
| 3 | 1 | 2 |
| 24 ലക്ഷം | 8 ലക്ഷം | 16 ലക്ഷം |

| ഭർത്താവ് | മാതാവ് | രണ്ടു സഹോദരിമാർ |
|---|---|---|
| 1/2 | 1/6 | 2/3 |
| 3 | 1 | 4 |
| 18 ലക്ഷം | 6 ലക്ഷം | 24 ലക്ഷം |

അനന്തരാവകാശികളായി ഭർത്താവും മാതാവൊത്ത രണ്ടു സഹോദരങ്ങളും മാതാവൊത്ത രണ്ടു സഹോദരിമാരുമാണുള്ളതെങ്കിൽ സഹോദരന്മാർക്ക് സഹോദരിമാരുടെ പാതിയേ ഉണ്ടാവുകയുള്ളൂ. അപ്പോൾ പെണ്ണിന്റെ പാതിയാണ് ആണിനുണ്ടാവുക. ഉദാഹരണമായി അനന്തരാവകാശമായി 120 ലക്ഷമാണുള്ളതെങ്കിൽ രണ്ടു സഹോദരന്മാർക്കുണ്ടാവുക 20 ലക്ഷവും സഹോദരിമാർക്ക് 40 ലക്ഷവും ഭർത്താവിന് 60 ലക്ഷവുമാണ്.

ആകെ സ്വത്ത് : 120 ലക്ഷം

| ഭർത്താവ് | മാതാവൊത്ത രണ്ടു സഹോദരിമാർ | |
|---|---|---|
| 1/2 | 1/3 | ശിഷ്ടാവകാശം |
| 3 | 2 | 1 |
| 60 ലക്ഷം | 40 ലക്ഷം | 20 ലക്ഷം |



അനന്തരാവകാശികളായി ഭാര്യയും മാതാവും രണ്ടു സഹോദരങ്ങളും മാതാവൊത്ത രണ്ടു സഹോദരിമാരുമാണുള്ളതെങ്കിലും സഹോദരിമാരെക്കാൾ കുറവായിരിക്കും സഹോദരന്മാരുടെ സ്വത്ത്.

ആകെ സ്വത്ത് 48 ലക്ഷം

| ഭാര്യ | മാതാവ് | മാതാവൊത്ത 2 സഹോദരിമാർ | മാതാവൊത്ത 2 സഹോദരന്മാർ |
|---|---|---|---|
| 1/4 | 1/6 | 1/3 | ശിഷ്ടാവകാശം |
| 3 | 2 | 4 | 3 |
| 12 ലക്ഷം | 8 ലക്ഷം | 16 ലക്ഷം | 12 ലക്ഷം |

അനന്തരാവകാശികളായി ഭർത്താവും മാതാവും രണ്ടു സഹോദരങ്ങളും മാതാവൊത്ത ഒരു സഹോദരിയുമാണുള്ളതെങ്കിൽ സഹോദരനെക്കാൾ സ്വത്തുണ്ടാവുക സഹോദരിക്കാണ്. ഉദാഹരണമായി 60 ലക്ഷം രൂപയാണ് അനന്തരമായുള്ളതെങ്കിൽ ഭർത്താവിന് 30 ലക്ഷവും മാതാവിന് പത്ത് ലക്ഷവും മാതാവൊത്ത സഹോദരിക്ക് 10 ലക്ഷവും സഹോദരൻമാരിൽ ഓരോരുത്തർക്കും 5 ലക്ഷം വീതവുമാണുണ്ടാവുക.

ആകെ സ്വത്ത്: 60 ലക്ഷം

| ഭർത്താവ് | മാതാവ് | മാതാവൊത്ത സഹോദരി | രണ്ടു സഹോദരന്മാർ |
|---|---|---|---|
| 1/2 | 1/6 | 1/6 | ശിഷ്ടാവകാശം |
| 3 | 1 | 1 | 1 |
| 30 ലക്ഷം | 10 ലക്ഷം | 10 ലക്ഷം | 10 ലക്ഷം ഓരോരുത്തർക്കും 5 ലക്ഷം |

ഇത്തരം പല സന്ദർഭങ്ങളിലും ആണിനെക്കാൾ പെണ്ണിന് കൂടുതൽ സമ്പത്ത് കിട്ടുന്നു. ഇതേ പോലെത്തന്നെ സ്ത്രീക്കും പുരുഷനും തുല്യസ്വത്ത് ലഭിക്കുന്ന പല സന്ദർഭങ്ങളുമുണ്ട്.

അനന്തരാവകാശികളായി മക്കളുണ്ടെങ്കിൽ മാതാവിനും പിതാവിനും ലഭിക്കുക തുല്യ സ്വത്താണ്. ആറിലൊന്ന്. ഇപ്രകാരം തന്നെ അനന്തരാവകാശികളായി ഭർത്താവും ഒരു മകളും മാതാപിതാക്കളുമാണുള്ളതെങ്കിൽ മാതാപിതാക്കൾക്ക് തുല്യ സ്വത്താണ് കിട്ടുക. അപ്പോൾ പിതാവ് ശിഷ്ടാവകാശിയാകുമെങ്കിലും.

അനന്തരാവകാശികളായി ഭർത്താവും മാതാവും രണ്ടു മാതാവൊത്ത സഹോദരിമാരും ഒരു പൂർണ്ണ സഹോദരനുമാണുള്ളതെങ്കിൽ സഹോദരീ സഹോദരന്മാർക്ക് തുല്യാവകാശമാണുണ്ടാവുക. ഉസ്മാനുബ്നു അഫ്ഫാൻ, ഇബ്നു മസ്ഊദ്, സൈദുബ്നു സാബിത്ത് തുടങ്ങിയവരും മാലികീ- ശാഫീഈ മദ്ഹബുകാരും ഈ അഭിപ്രായമംഗീകരിച്ചവരാണ്.

അനന്തരാവകാശികളായി ഭർത്താവും ഒരു സഹോദരനുമാണുള്ളതെങ്കിൽ ഭർത്താവിന് പാതിയും സഹോദരന് പാതിയുമാണുണ്ടാവുക. സഹോദരിയാണുള്ളതെങ്കിൽ അവർക്കും പാതി സ്വത്താണുണ്ടാവുക. ഇവിടെ സഹോദരനും സഹോദരിയും തുല്യാവകാശികളായിരിക്കുമെന്നർഥം. സഹോദരൻ ശിഷ്ടാവകാശിയും സഹോദരി അംശാവകാശിയുമാണെങ്കിലും.

സ്ത്രീക്ക് അനന്തരാവകാശം ലഭിക്കുകയും അതേസ്ഥാനത്തുള്ള പുരുഷന് അനന്തരാവകാശം കിട്ടാതിരിക്കുകയും ചെയ്യുന്ന പല സന്ദർഭങ്ങളുമുണ്ട്.

അനന്തരാവകാശികളായി പിതാവും മാതാവും മകളും ഒരു പൗത്രിയുമാണുള്ളതെങ്കിൽ പൗത്രിക്ക് ആറിലൊന്ന് ലഭിക്കും. എന്നാൽ ഇതേ അവസ്ഥയിൽ പൗത്രനാണുള്ളതെങ്കിൽ സ്വത്തൊന്നും കിട്ടുകയില്ല. പൗത്രൻ ശിഷ്ടാവകാശിയാണല്ലോ. ഏറ്റം അടുത്ത ശിഷ്ടാവകാശിയായ പിതാവുള്ളതിനാൽ അകന്ന ശിഷ്ടാവകാശിയായ പൗത്രനെ പിതാവ് തടയുന്നു. ഉദാഹരണമായി 195 ലക്ഷം രൂപയാണ് അനന്തരാവകാശമായുള്ളതെങ്കിൽ ഭർത്താവിന് 39 ലക്ഷവും മാതാവിന് 26 ലക്ഷവും മകൾക്ക് 78 ലക്ഷവും പൗത്രിക്ക് 26 ലക്ഷവും പിതാവിന് ശിഷ്ടാവകാശിയെന്ന നിലക്ക് 26 ലക്ഷവും ലഭിക്കുന്നു. എന്നാൽ ഇതേ അവസ്ഥയിൽ പൗത്രനാണുള്ളതെങ്കിൽ ഒന്നും കിട്ടുകയില്ല. അപ്പോൾ ഭർത്താവിന് 45 ലക്ഷവും മാതാവിന് 30 ലക്ഷവും മകൾക്ക് 90ലക്ഷവും ശിഷ്ടാവകാശിയായ പിതാവിന് 30 ലക്ഷവും ലഭിക്കുന്നു.

ആകെ സ്വത്ത് : 195 ലക്ഷം

| ഭർത്താവ് | പിതാവ് | മാതാവ് | മകൾ | പൗത്രി |
|---|---|---|---|---|
| 1/4 | 1/6 ശിഷ്ടാവകാശി | 1/6 | 1/2 | 1/6 |
| 3 | 2 | 2 | 6 | 2 |
| 39 ലക്ഷം | 26 ലക്ഷം | 26 ലക്ഷം | 78 ലക്ഷം | 26 ലക്ഷം |

പൗത്രനാണെങ്കിൽ

| ഭർത്താവ് | പിതാവ് | മാതാവ് | മകൾ | പൗത്രൻ |
|---|---|---|---|---|
| 1/4 | ശിഷ്ടാവകാശം | 1/6 | 1/2 | - |
| 3 | 2 | 2 | 6 | - |
| 45 ലക്ഷം | 30 ലക്ഷം | 30 ലക്ഷം | 90 ലക്ഷം | - |

**ഇസ്‌ലാമിന്റെ എതിരാളികളുടെ വലിയൊരു വിമർശനം അത് സ്ത്രീവിരുദ്ധമാണെന്നതാണ്. അതിനുന്നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന് പെണ്ണിന് പുരുഷന്റെ പാതിസ്വത്തേ ഉള്ളൂ എന്നതും. എന്നാൽ, സ്ത്രീക്ക് പുരുഷന്റെ പാതി സ്വത്തെന്നത് കേവലം നാലു സന്ദർഭങ്ങളിൽ മാത്രമാണ്. അതിനെക്കാൾ എത്രയോ സന്ദർഭങ്ങളിൽ പുരുഷന്നുള്ളതിനേക്കാൾ കൂടുതൽ, സ്ത്രീക്ക് അനന്തരസ്വത്ത് ലഭിക്കുന്ന അവസരങ്ങളുണ്ട്.**

**ഇസ്‌ലാമിൽ സ്ത്രീക്ക് പാതി സ്വത്താണെന്ന പൊതുധാരണ ശരിയല്ലെന്ന് ഇത് തെളിയിക്കുന്നു. പുരുഷന്റെ അത്ര തന്നെ സ്വത്ത് ലഭിക്കുന്ന സന്ദർഭവും കുടുതൽ കിട്ടുന്ന അവസരവും മാത്രമല്ല, പുരുഷന് തീരെ അനന്തരാവകാശം ലഭിക്കാതിരിക്കുമ്പോൾ സ്ത്രീ സ്വത്തിനവകാശിയാവുന്ന അവസ്ഥ പോലുമുണ്ടെന്ന് വ്യക്തമാകുകയും ചെയ്യുന്നു.**

ഇപ്രകാരം തന്നെ അനന്തരാവകാശികളായി ഭർത്താവും പൂർണ്ണസഹോദരിയുമുണ്ടെങ്കിൽ പിതാവൊത്ത സഹോദരന് സ്വത്തൊന്നും കിട്ടുകയില്ല. സഹോദരിയാണെങ്കിൽ അംശാവകാശിയെന്ന നിലയിൽ ഛേദവർധനവിലൂടെ (ഔൽ) അനന്തരസ്വത്ത് ലഭിക്കും. ഉദാഹരണമായി അനന്തര സ്വത്ത് 84 ലക്ഷമാണെങ്കിൽ ഭർത്താവിന് 42 ലക്ഷവും പൂർണ്ണസഹോദരിക്ക് 42 ലക്ഷവും ലഭിക്കും പിതാവൊത്ത സഹോദരൻ ശിഷ്ടാവകാശിയായതിനാൽ ശിഷ്ടമില്ലാത്തതിനാൽ ഒന്നും ലഭിക്കുകയില്ല. അതേ സമയം പിതാവൊത്ത സഹോദരി അംശാവകാശിയായതിനാൽ 12 ലക്ഷം ലഭിക്കും അപ്പോൾ ഭർത്താവിന് 36 ലക്ഷവും പൂർണ്ണ സഹോദരിക്ക് 36 ലക്ഷവുമാണുണ്ടാവുക.

ആകെ സ്വത്ത്: 84 ലക്ഷം

| ഭർത്താവ് | പൂർണസഹോദരി | പിതാവൊത്ത സഹോദരി |
|---|---|---|
| 1/2 | 1/2 | 1/6 |
| 3 | 3 | 1 |
| 36 ലക്ഷം | 36 ലക്ഷം | 12 ലക്ഷം |

| ഭർത്താവ് | പൂർണസഹോദരി | പിതാവൊത്ത സഹോദരൻ |
|---|---|---|
| 1/2 | 1/2 | ശിഷ്ടാവകാശം |
| 1 | 1 | - |
| 42 ലക്ഷം | 42 ലക്ഷം | - |

ഇസ്‌ലാമിൽ സ്ത്രീക്ക് പാതി സ്വത്താണെന്ന പൊതുധാരണ ശരിയല്ലെന്ന് ഇത് തെളിയിക്കുന്നു. പുരുഷന്റെ അത്ര തന്നെ സ്വത്ത് ലഭിക്കുന്ന സന്ദർഭവും കുടുതൽ കിട്ടുന്ന അവസരവും മാത്രമല്ല, പുരുഷന് തീരെ അനന്തരാവകാശം ലഭിക്കാതിരിക്കുമ്പോൾ സ്ത്രീ സ്വത്തിനവകാശിയാവുന്ന അവസ്ഥ പോലുമുണ്ടെന്ന് വ്യക്തമാകുകയും ചെയ്യുന്നു. ഇസ്‌ലാം സ്ത്രീയും പുരുഷനും ഉൾക്കൊള്ളുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യകരമായ നിലനിൽപിന്നാവശ്യമായ സംവിധാനത്തിന്റെ ഭാഗമായാണ് അതിന്റെ അനന്തരാവകാശക്രമം ആവിഷ്കരിച്ചതെന്നതാണിതിനുള്ള കാരണം. ■

**അവലംബം:** Property Rights of Muslim Women. by Dr. Muhammed Fahim Akthar Nadvi